## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1790 14.07.2011-ൽ മറുപടിയ്ക്ക്

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി. | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള 'സൊസൈറ്റി_ഫോർ മെഡിക്കൽ 'അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ; | എ) 24,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരും മാരക രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവരുമായ പാവപ്പെട്ട രോഗികൾക്ക് ചികിൽസക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യം. ചികിൽസാ ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രിയിലേക്കാണ് തുക അനുവദിക്കുന്നത്. രോഗിയുടെ ശസ്ത്രക്രിയയ്ക്ക്/ചികിൽസയ്ക്ക് ഡോക്ടർ ശുപാർശ ചെയ്യുന്ന പ്രതീക്ഷിത ചെലവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. ഈ പദ്ധതിയിൽ ഒരു രോഗിയ്ക്ക് ഒരു തവണ മാത്രമേ ചികിൽസാ സഹായം അനുവദിക്കുകയുള്ളൂ. ചികിൽസിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റും സ്ഥലം വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും തദ്ദേശ സ്വയംഭരണാധികാരിയുടെ സാക്ഷിപത്രവും സഹിതം നിർദ്ദിഷ്ട ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ തിരുവനന്തപുരത്തും തലശ്ശേരിയിലുമുള്ള ക്യാൻസർ സെന്ററുകൾ, കൊച്ചി, പെരുന്തൽമണ്ണ, പരിയാരം |

| | |
|---|---|
| | എന്നിവിടങ്ങളിലെ സഹകരണ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി , തിരുവനന്തപുരം ശ്രീ ചിത്രാ ആശുപത്രി എന്നീ ആശുപത്രികൾ ഈ ചികിൽസാ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. |
| ബി).അപേക്ഷകളിൽ കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്യുന്നതിന് സത്വര നടപടി കൈകൊള്ളുമോ; | ബി) നടപടി സ്വീകരിക്കുന്നതാണ്. |
| സി) കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ ഈ പദ്ധതിയുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.